
പരിസ്ഥിതിയും മലിനീകരണവും



അരുൾ ജോർജ് സ്കറിയാ
IX A

പരിസ്ഥിതി മലിനീകരണം ഇന്ന് നമ്മുടെ രാജ്യം നേരിടുന്ന ഏറ്റം വലിയ പ്രതിസന്ധികളിലൊന്നാണ്. നമ്മുടെ വ്യവസായസ്ഥാപനങ്ങൾ, വാഹനങ്ങൾ, എന്നിവമാത്രമല്ല നാമോരോരുത്തരും തന്നെ പ്രകൃതിയെ നാനാവിധങ്ങളിൽ മലിനപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. പരിസ്ഥിതി മലിനീകരണം ഇൻഡ്യയുടെ മാത്രമായ ഒരു പ്രശ്നമല്ല, ഒട്ടു മിക്ക ലോകരാഷ്ട്രങ്ങളുടെയും പ്രശ്നമാണ്.

വൻ വ്യവസായശാലകളും, മറ്റു സ്ഥാപനങ്ങളും ഉപയോഗശൂന്യമായ വസ്തുക്കൾ പലപ്പോഴും കളയുന്നത് നദികളിലേക്കാണ്. ഇത്തരം മലിനവസ്തുക്കളിൽ പലതരം രാസവസ്തുക്കളും മറ്റ് ജീവന് ഹാനി സംഭവിപ്പിച്ചേക്കാവുന്ന വസ്തുക്കളും കാണാറുണ്ട്. നദികളിൽ നിന്നാണ് മനുഷ്യൻ തനിക്കാവശ്യമായ കുടിവെള്ളം പോലുമെടുക്കുന്നത്. നദികളെ മാത്രം ആശ്രയിച്ചു ജീവിക്കുന്ന എത്രയെത്ര പക്ഷികൾ, മത്സ്യങ്ങൾ! ഇവയുടെയെല്ലാം നിലനില്പിന് ഈ മാലിന്യങ്ങൾ ഒരു ഭീഷണിയാണ്. വ്യവസായസ്ഥാപനങ്ങൾ അപകടകരങ്ങളായ രാസവസ്തുക്കളും മറ്റും നദികളിലേയ്ക്കൊഴുക്കുന്നത് തടയാൻവേണ്ടി മാലിന്യനിരോധന വകുപ്പുകളും മാറ്റുമുണ്ട്. പക്ഷേ അവയുടെ പ്രവർത്തന രംഗത്തെ വിജയം എത്രമാത്രം എന്നത് ഒരു നല്ല ചോദ്യമാണ്!

ഇന്ന് നമ്മുടെ നിരത്തുകളിലൂടെ ഓടുന്ന വാഹനങ്ങളിൽനിന്നുള്ള പുക അന്തരീക്ഷത്തെ മലിനമാക്കുന്നു. വാഹനങ്ങളിൽനിന്നു പുറത്തുവരുന്ന പുക ശ്വസിക്കുന്നത് പലതരം ശ്വാസകോശരോഗങ്ങൾക്കും ത്വക്ക് രോഗങ്ങൾക്കും ഇടവരുത്താറുണ്ട്. വാഹനങ്ങളിൽനിന്നു പുറപ്പെടുന്ന പുക തടയാനായി രണ്ടുവർഷത്തിലൊരിക്കലോ അഞ്ചുവർഷത്തിലൊരിക്കലോ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധന നടത്താറുണ്ടെങ്കിലും അതെല്ലാം പലപ്പോഴും ഒരു പേരിനു മാത്രമാണ് നടക്കുക. ഇങ്ങനത്തെ പുക ശ്വസിച്ച് ആയുസ്സിന്റെ നീളം കുറയ്ക്കുക എന്നതായിരിക്കാം ഭാരതീയരുടെ വിധി.

ഇപ്പോൾ നമ്മുടെ പരിസ്ഥിതിയെ മലിനീകരിക്കുന്നതിൽ മുഖ്യ പങ്കുവഹിക്കുന്ന ഒരു സാധനമാണ് പ്ലാസ്റ്റിക്ക്. എത്ര കോടി വർഷങ്ങൾ കഴിഞ്ഞാലും മണ്ണിൽ അഴുകാത്ത ഒരു സാധനമാണ് പ്ലാസ്റ്റിക്ക്. ഇന്ന് പല വിദേശരാജ്യങ്ങളിലും പ്ലാസ്റ്റിക്ക് നിരോധിച്ചുകഴിഞ്ഞിരിക്കുന്നു. ഇപ്പോൾ നമ്മുടെ ഭരണകർത്താക്കളും പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുവാനായി ജനങ്ങൾക്ക് നിർദ്ദേശം നല്കുന്നതായി കാണാം. താരതമ്യേന ഉത്പാദനത്തിൽ ചെലവു കുറഞ്ഞ ഒരു സാധനമാണ് പ്ലാസ്റ്റിക്ക്. അതുകൊണ്ട് പ്ലാസ്റ്റിക്ക് കൂടുകൾ ഇപ്പോൾ നമ്മുടെയിടയിലേയ്ക്ക് പ്രവഹിച്ചുകൊണ്ടിരിക്കുന്നു. നശിച്ചു പോകുന്ന കടലാസുകൂടുകൾ ആർക്കും വേണ്ടെന്നായിരിക്കുന്നു!

'സമുദ്രത്തെ വെളുപ്പിച്ച സംഭവം' എന്ന് പലരും വിശേഷിപ്പിച്ചതാണ് ഫ്രാൻസിന്റെ അണ്വായുധപരീക്ഷണം. അത് സമുദ്രത്തിലുള്ള അനേകം മത്സ്യങ്ങൾക്കും, ജീവജാലങ്ങൾക്കും, പ്രകൃതിക്കു മൊത്തത്തിൽത്തന്നെയും കോട്ടം വരുത്തി. ഇത്തരത്തിലുള്ള പരീക്ഷണങ്ങൾ പ്രകൃതിയുടെ സന്തുലിതാവസ്ഥയെ തകർക്കുന്നു. വികസിത രാജ്യങ്ങളിലൊന്നായ ഫ്രാൻസ് ഇപ്പോഴും അണ്വായുധ പരീക്ഷണങ്ങൾ തുടർന്നുകൊണ്ടിരിക്കുകയാണ്. ഇതിൽനിന്ന് വികസ്വര രാജ്യങ്ങൾ മാത്രമല്ല വികസിത രാജ്യങ്ങളിലും പരിസ്ഥിതി മലിനീകരണമുണ്ടെന്ന് മനസ്സിലാക്കാം.

നമ്മുടെ നഗരങ്ങളിലെ ഓടകളും മറ്റും ശുദ്ധിയാക്കാൻ പലതരം ശ്രമങ്ങൾ നടക്കുന്നുണ്ടെങ്കിലും അതൊന്നും തൃപ്തികരമല്ല. നമ്മുടെ നഗരങ്ങളിലെ ഓടകൾ തന്നെ അതിന് തെളിവ്. വെള്ളം കെട്ടിക്കിടക്കുന്നതുമൂലം കൊതുകുകളും മറ്റും പെരുകുകയും പല രോഗങ്ങളുണ്ടാക്കുകയും ചെയ്യുന്നു.

നമ്മുടെ സ്കൂളുകളിൽ ക്ലാസ് പരിസരങ്ങൾപോലും പലപ്പോഴും വൃത്തിഹീനമായി കിടക്കാൻ നാം കാരണമാകാറില്ലേ? ചപ്പുചവറുകളും മറ്റും നിശ്ചിത സ്ഥലങ്ങളിൽ മാത്രമിടാൻ നാം ശ്രദ്ധിക്കേണ്ടതാണ്. ഭാവിയുടെ വാഗ്ദാനങ്ങളായ നാമോരോരുത്തരും നമ്മുടെ പരിസ്ഥിതിയെ മലിനവിമുക്തമാക്കാനുള്ള ശ്രമങ്ങൾ ആരംഭിക്കേണ്ടത് സ്കൂളുകളിൽനിന്നും വീടുകളിൽനിന്നുമാണ്. മലിനീകരണവിമുക്തമായ നല്ലൊരു നാളേയ്ക്കുവേണ്ടി നമുക്ക് ബോധപൂർവ്വം പരിശ്രമിക്കാം.